തീർത്ഥാടന കേന്ദ്രങ്ങൾ വഴി കടന്നുപോകുന്നതുമായ തീരദേശ റെയിൽവേ ഇടപ്പള്ളി മുതൽ താനൂർവരെ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക സർവ്വേ നടത്തുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം അംഗീകാരം നൽകുകയും അഞ്ചു ലക്ഷം രൂപ അനുവദിക്കുകയും ചെയ്തതാണ്. പുതിയ റെയിൽവേ ബഡ്ജറ്റിൽ തീരദേശ റെയിൽപ്പാതയുടെ പരാമർശം ഒന്നുമില്ലെങ്കിലും നേരത്തെ കേരളത്തിൽ റെയിൽവേ മന്ത്രാലയം അംഗീകരിച്ചതും സർവ്വേ നടത്താൻ തീരുമാനിച്ചതുമായ ഒരു റെയിൽപ്പാത നിർമ്മിക്കുന്നതിനു ആലോചിക്കുന്നു എന്ന സാഹചര്യത്തിലാണ് തീരദേശ റെയിൽവേയുടെ പ്രാധാന്യം ഇപ്പോൾ വർദ്ധിച്ചിരിക്കുന്നത്. തീരപ്രദേശങ്ങളുടെ സമഗ്രവികസനത്തിന് ഉപകരിക്കുന്നതാണ് ഈ തീരദേശറെയിൽപ്പാത. 1937-ൽ ഏകദേശം 63 വർഷങ്ങൾക്കു മുമ്പാണ് തീരദേശ റെയിൽവേ എന്ന പുതിയ ചിന്താധാര ഈ പ്രദേശത്ത് ഉയർന്നുവന്നത്. കേരളത്തിലെ തീരപ്രദേശമായ തൃപ്പൂണിത്തുറ നിയോജകമണ്ഡലം മുതൽ ആലുവ, പറവൂർ, വടക്കേക്കര, കൊടുങ്ങല്ലൂർ, നാട്ടിക, ഗുരുവായൂർ, പൊന്നാനി തുടങ്ങി താനൂർ വരെ നീണ്ടുനിൽക്കുന്ന ഒരു പ്രധാനപ്പെട്ട റെയിൽപ്പാതയായി ഇതു മാറും. അതോടൊപ്പം തന്നെ കേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളെല്ലാം ഈ റെയിൽപ്പാത കവർ ചെയ്യുന്നു. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റും കേന്ദ്ര റെയിൽവേ മന്ത്രാലയവും പുതിയ റെയിൽപ്പാതകളുടെ ആലോചന നടത്തുന്ന ഈ സാഹചര്യത്തിൽ, തീരദേശ വാസികളുടെ സ്വപ്നമായ ഈ തീരദേശ റെയിൽപ്പാതയുടെ നിർമ്മാണത്തിനായി കേന്ദ്ര റെയിൽവേമന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഇടപ്പള്ളി മുതൽ താനൂർ വരെയുള്ള തീരദേശ റെയിൽവേയുടെ പ്രാരംഭ സർവ്വേ ഏതാണ്ട് പൂർത്തിയായതാണ്. മംഗലാപുരം മുതൽ കോഴിക്കോട് വരെയുള്ള റെയിൽവേയുടെ ലൈൻ ഡബിളിംഗ് കോഴിക്കോട്-ഷൊർണ്ണൂർ വരെയാക്കിയതോടുകൂടി ഇടപ്പള്ളി-താനൂർ തീരദേശ റെയിൽവേയ്ക്ക് പ്രസക്തിയില്ലെന്ന് റെയിൽവേ അധികൃതർ സൂചിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ തീരപ്രദേശങ്ങളുടെ വികസനത്തിന് വഴി കാട്ടിയായ ഈ റെയിൽപ്പാത നിർമ്മിക്കാൻ കേന്ദ്ര ഗവൺമെന്റിലും റെയിൽവേ മന്ത്രാലയത്തിലും ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

(13) പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പ്രതിപക്ഷ മെമ്പർമാരുടെ സത്യാഗ്രഹം

ശ്രീ. നാലകത്ത് സൂപ്പി : സർ, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ പ്രതിപക്ഷ മെമ്പറന്മാർ കഴിഞ്ഞ ഏഴാം തീയതി മുതൽ സത്യാഗ്രഹമാണ്. വികസന പ്രവർത്തനങ്ങൾ അനുവദിക്കുന്ന കാര്യത്തിലും മുനിസിപ്പാലിറ്റിയിലെ മറ്റു പൊതുകാര്യങ്ങളിലും ഒക്കെ പ്രതിപക്ഷത്തെ കണക്കിലെടുക്കാതെ രാഷ്ട്രീയപ്രേരിതമായി തികച്ചും സ്വജനപക്ഷപാതപരമായി നീങ്ങുന്നുവെന്ന് ഇതിന് മുമ്പും പരാതിയുണ്ടായിരുന്നു. അവിടെ ഏഴാം തീയതി കൗൺസിൽ യോഗം ചേർന്നു. ടെൻഡർ അംഗീകരിക്കുന്ന ചർച്ച വന്നു. പ്രതിപക്ഷ മെമ്പർമാരുടെ വാർഡുകളിൽ ചില വർക്കുകൾ ഉണ്ടായിരുന്നു. അതിന് ടെൻഡർ വയ്ക്കാൻ പാടില്ലെന്നും അത് ക്യാൻസൽ ചെയ്യണമെന്നും ചെയർപേഴ്സന് എഴുതിക്കൊടുത്ത് തർക്കമായി; മീറ്റിംഗ് കൂടിയില്ല. ആ അജ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടയിൽ മാറ്റിവച്ചതായ 22 അജണ്ട പിന്നീട് പാസ്സാക്കിയതായി ശ്രീമതി കെ.ടി. പ്രേമലത പത്രക്കാരെ വിളിച്ചു പറയുകയുണ്ടായി. മാത്രമല്ല മുനിസിപ്പാലിറ്റി വന്നതിനുശേഷം ഏതാണ്ട് നാൽപ്പതോളം മിനിറ്റ്സിന് ഡിസെന്റിംഗ് നോട്ട് എഴുതിവിട്ടു. ആ ഡിസെന്റിംഗ് നോട്ട് എഴുതിക്കൊടുത്തതിന് അടുത്ത നാലു ദിവസത്തിനകം മിനിറ്റ്സിന്റെ കോപ്പി കൊടുക്കണമെന്നാണ്. ആ കോപ്പി കൊടുക്കാറില്ല. തൊട്ടടുത്ത മാസം മീറ്റിംഗിന് വരുമ്പോൾ ആ ഡിസെന്റിന്റെ കാര്യങ്ങളൊക്കെ അജണ്ടയിൽ ഉൾപ്പെടുത്തി അത് അംഗീകരിച്ചതായി മിനിറ്റ്സ് പാസാക്കിവരുകയാണ്. മിനിറ്റ്സിന്റെ കോപ്പി പോലും നിയമപ്രകാരം കൊടുക്കേണ്ടത് കൊടുക്കേണ്ട രീതിയിൽ കൊടുക്കുന്നില്ല. പണം അനുവദിച്ചതിലുള്ള ഒരൊറ്റ ഡിസ്പാരിറ്റി മാത്രം ചൂണ്ടിക്കാണിക്കാം. സർ, 24 വാർഡുകളിൽ 12 മെമ്പർമാർ ഞങ്ങളുടെകൂടെയാണ്. 12 യു.ഡിഎഫ് -ഉം 12 എൽ.ഡി.എഫുമാണ്. നേരത്തേ എൽ.ഡി.എഫ്.ലുണ്ടായിരുന്ന രണ്ടു മെമ്പർമാർ കൂടെ യു.ഡി.എഫ്-ന്റെ കൂടെയാണ്. ഇതിൽ ഇതുവരെയായി യു.ഡി.എഫ്.ന്റെ മെമ്പർമാർക്ക് 10,00,51,100 രൂപയാണ് കഴിഞ്ഞ മാർച്ച് മാസം പാസാക്കിയിട്ടുള്ളത്. അതേസമയം എൽ.ഡി.എഫ്-മെമ്പർമാരുടെ വാർഡുകളിൽ 23,63,07,400 രൂപ. അതുമാത്രമല്ല, ചില വാർഡുകളിൽ ഇരുപത്തിയഞ്ചുലക്ഷം വരെയുണ്ട്. അതേസമയം യു.ഡി.എഫ്-ന്റെ മെമ്പർമാർക്ക് ഏറ്റവും കൂടുതൽ കിട്ടിയത് 58,000 രൂപയാണ്. ഇത് അനീതിയല്ലേ? ഇത് തെറ്റായ കീഴ് വഴക്കമല്ലേ? ജനകീയാസൂത്രണത്തിൽ നമ്മൾ പൊടിപൊടിക്കുകയാണല്ലോ. പെരിന്തൽമണ്ണ പോലുള്ള മുനിസിപ്പാലിറ്റിയിൽ വളരെ വ്യക്തമായി സ്വജനപക്ഷപാതവും അഴിമതിയും നടത്തിക്കൊണ്ടിരിക്കുകയാണ്. വർക്കുകളെക്കുറിച്ച് പരാതിയുണ്ടായിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് പരാതി കൊടുത്തിരുന്നു. അവിടത്തെ ഒരു എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം പെടുത്തിയതാണ്. ഞാൻ പറയുന്ന കാര്യങ്ങൾ മുഖവിലക്കെടുത്ത് ഒരു അന്വേഷണം നടത്താനെങ്കിലും ബഹു. മന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. സമരം തുടരുകയാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം. അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നു. നീതി കിട്ടാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് വ്യക്തമായി ആവശ്യപ്പെടുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പെരിന്തൽമണ്ണ നഗരസഭയുടെ 1999-2000 വർഷത്തെ ബഡ്ജറ്റിൽ മൊത്തം 132 പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. വൈദ്യുതീകരണം, ശുദ്ധജലവിതരണം എന്നിവയൊഴികെ ബാക്കി 60 പ്രോജക്ടുകളാണ് പ്രായോഗികമായി ചെയ്തുതീർക്കാവുന്നത്. വലിയ വാർഡുകളൊഴികെ മറ്റെല്ലാ വാർഡുകളിലും 1999-2000 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപയിൽ കവിയാത്ത പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണെന്ന് തീരുമാനിക്കുകയും ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുകയും ഇതിനായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭ നേരിടുന്ന സാമ്പത്തിക പ്രയാസങ്ങൾ കണക്കിലെടുത്താണ് ചില വാർഡുകളിലെ 5 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾ മാറ്റിവയ്ക്കുന്നതിന് നഗരസഭ നിർബന്ധിതമായത്. മാറ്റിവച്ചതിൽ ജൂബിലി റോഡ് കൾവെർട്ടും ഡ്രെയിനേജും പ്രവൃത്തികളുൾപ്പെട്ടിട്ടുണ്ട്. ജൂബിലി റോഡ് പുറമ്പോക്ക് നിവാസികളുടെ പുനരധിവാസത്തിനുശേഷം വീതികൂട്ടുകയും ഉയർത്തുകയും ചെയ്യുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുത്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പണി ഇപ്പോൾ ചെയ്യുന്നത് പൊതു മുതലിന്റെ ദുർവിനി

LIBRARY ARCHIVES Kerala Legislative Assembly

യോഗമാണ്. 5,6,8,10 വാർഡുകളിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് ഇരട്ടിയിലധികം സ്ഥലവിസ്തൃതിയും ജനസംഖ്യയുമുള്ളത് പത്താം വാർഡിൽപ്പെടുത്തും. 07-03-2000-ലെ ടെന്ററിൽ ഉൾപ്പെട്ടിട്ടുള്ള 7 പ്രവൃത്തികളിൽ മൂന്നെണ്ണം 1997-98 വർഷങ്ങളിലെ ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടവയും സാങ്കേതിക കാരണങ്ങളാൽ പണി നടത്താൻ കഴിയാത്തവയുമാണ്. വലിയ വാർഡുകളൊഴികെ മറ്റു വാർഡുകളുമെല്ലാം 5 ലക്ഷം രൂപയിൽ കൂടുതൽ വന്നിട്ടുള്ള എല്ലാ എസ്റ്റിമേറ്റുകളും അടുത്ത വർഷത്തേക്ക് മാറ്റിവച്ചിട്ടുണ്ട്; ഇവ എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം പ്രതിനിധാനം ചെയ്യുന്ന വാർഡുകളാണ്. ഈ കാര്യത്തിൽ രാഷ്ട്രീയ വിവേചനമൊന്നുമുണ്ടായിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മരാമത്ത് പണികൾ നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ഈ മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. കക്ഷി രാഷ്ട്രീയത്തിനതീതമായി ത്രിതല പഞ്ചായത്തുകൾ വികസന പ്രക്രിയകൾ നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിൽനിന്നും വ്യത്യസ്തമായി എവിടെയെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

(14) കരിങ്കല്ല് - വെട്ടുകല്ല് തൊഴിലാളികൾ മൈനിംഗ് ആന്റ് ജിയോളജി ഓഫീസിലേയ്ക്ക് നടത്തുന്ന മാർച്ച്

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, പാലക്കാട് ജില്ലയിൽ കരിങ്കല്ല്-വെട്ടുകല്ല് തൊഴിൽ മേഖലയിലെ അനാവശ്യമായ നിയന്ത്രണങ്ങൾക്കെതിരായും മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥന്മാരുടെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരായും ആയിരക്കണക്കിന് തൊഴിലാളികൾ നാളെ മൈനിംഗ് ആന്റ് ജിയോളജി ഓഫീസിലേക്ക് മാർച്ച് നടത്തുകയാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നതരത്തിലാണ് ഉദ്യോഗസ്ഥന്മാരുടെ നീക്കങ്ങൾ. അവർക്കെതിരായി നിയന്ത്രണങ്ങളെന്ന പേരിൽ അനാവശ്യമായ ഇടപെടലുകൾ നടത്തി വലിയ പിഴയും, കള്ളക്കേസ്സുകളും പണിയായുധങ്ങൾ പിടിച്ചെടുത്തുകൊണ്ട് പോകുകയുമൊക്കെയായി ക്രൂരമായ നടപടികൾ ഉണ്ടാകുന്നു. മണൽ മേഖലയിൽ റവന്യൂ ഉദ്യോഗസ്ഥന്മാരും കരിങ്കൽ വെട്ടുകൽ മേഖലയിൽ മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥന്മാരും വലിയ ശല്യമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പാലക്കാട് ജില്ലയിലെ പല ഗ്രാമപ്രദേശങ്ങളിലും ഈ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ പട്ടിണിയിലാണ്. അവരെ ജീവിക്കാൻ അനുവദിക്കാത്ത ഒരു സാഹചര്യമാണ് ഈ ഉദ്യോഗസ്ഥന്മാർ ഇന്നുണ്ടാക്കുന്നത്. കൈക്കൂലി കൊടുത്താൽ ഒരു നിയന്ത്രണവും ഒരു നിയമവും അവർക്ക് ബാധകമല്ലാത്ത രീതിയിലേയ്ക്കാണ് കാര്യങ്ങൾപ്പോയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ജില്ലയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന് തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ നെറികെട്ട സമീപനത്തിനെതിരായിട്ടുള്ള മാർച്ച് നടത്തുന്നത്. ഈ വിഷയത്തിൽ സർക്കാർ ശക്തമായി ഇടപെട്ട്, തൊഴിലാളികളുടെ തൊഴിലവസരം നിഷേധിക്കുന്ന സമീപനത്തിനെതിരായി അവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ ഉറപ്പ് നൽകണമെന്ന ഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly